13-ാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 593 — 11.06.2013-ൽ മറുപടിയ്ക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, അൻവർ സാദത്ത്<br>,, വി.റ്റി. ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് സമയബന്ധിതമായി നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; | (ബി) സമയബന്ധിതമായി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് പൂർത്തിയാക്കുന്നത് വഴി കമ്പനിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് വ്യക്തമായ വിലയിരുത്തലുകൾ നടത്തുവാനും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുവാനും സാധിക്കും. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) വ്യവസായ വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിനു വേണ്ടി നിയോഗിക്കുന്ന ആഡിറ്റർമാർ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, ധനകാര്യവകുപ്പ് എന്നിവരാണ് ഇതുമായി സഹകരിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | (ഡി) വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ മാർച്ച് മാസം തന്നെ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോട് കൂടി ആഡിറ്റ് പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നിരുന്നാലും ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളിൽ അക്കൗണ്ട്സ് വാർഷിക പൊതുയോഗത്തിൽ വച്ച് അംഗീകരിക്കുന്നതിനുള്ള താമസവും, മറ്റുചില സാങ്കേതിക കാരണങ്ങളാലും ചില കമ്പനികളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് തീർക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. |

ഇത് പരിഹരിക്കുന്നതിനായി വ്യവസായ വകുപ്പ്, അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട് ആഡിറ്റ് വേഗത്തിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന് ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ ആഴ്ചതോറും വ്യവസായ വകുപ്പ് നേരിട്ട് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

Marui

സെക്ഷൻ ഓഫീസർ